# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 522** **26.04.2017-ൽ മറുപടിക്ക്**

**കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക**

| | ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.ക്ക് 31-3-2017 വരെ വൈദ്യുതി ചാർജ്ജിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടുവാനുണ്ട്; | (എ) (ബി) & (സി) | 31.12.2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു 2044.78 കോടി രൂപ (പലിശ ഉൾപ്പെടുത്താതെ) കുടിശ്ശിക ഉണ്ട്. ത്രൈമാസ കണക്കുകളായാണ് കുടിശ്ശിക തുക ക്രോഡീകരിക്കപ്പെടുന്നത്. 31.03.2017 വരെയുള്ള കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളു.<br>2016 ഡിസംബർ 31 വരെയുള്ള ത്രൈമാസ കണക്കുപ്രകാരം വിവിധ സ്ഥാപനങ്ങൾ അടയ്ക്കേണ്ട കുടിശ്ശിക തുക താഴെ പറയുംപ്രകാരമാണ്.<br>പൊതുമേഖലാ സ്ഥാപനങ്ങൾ (വാട്ടർ അതോറിറ്റി ഉൾപ്പെടെ) — 1177.13 കോടി രൂപ<br>കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ — .32 കോടി രൂപ<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ — 41.94 കോടി രൂപ |
| (ബി) | ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയായി പിരിഞ്ഞു കിട്ടുവാനുള്ള തുകയെത്രയാണ്; | | |
| (സി) | കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും എത്ര തുക കുടിശ്ശികയിനത്തിൽ നൽകുവാനുണ്ട്; | | |
| (ഡി) | കുടിശ്ശിക തുക ഈടാക്കുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ) | സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇതിൽ നിന്നും വസൂലാക്കാൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിരുന്നു. |
| (ഇ) | ജനറേറ്റർ സംവിധാനമടക്കം സൗകര്യമുള്ള സ്വകാര്യ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയ വൈദ്യുതി തുക ഈടാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**